കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 23.09.2017

ഡെപ്യൂട്ടി ഡയറക്ടർ

*പ്രസിഡന്റ് (സെക്രട്ടറി മുഖേന)*

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017 തീയതി: 23.09.2017

## തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും

പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.08.17 മുതൽ 17.08.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ.പി.എ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിത.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ എം.ജി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ . ജോയ്സൻ. സി.ജെ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | കെ.കെ സച്ചിത്ത് | 01/04/16 മുതൽ 31/03/17 വരെ |
| സെക്രട്ടറി | പ്രേമാനന്ദ് സി.എം | 01/04/16 മുതൽ 9/9/16 FN വരെ |
| | കെ.ബി മുഹമ്മദ് റഫീക്ക് | 9/9/16 മുതൽ 22/9/16 വരെ |
| | പി.വി ഷാബു | 23/9/16 മുതൽ 30/9/16 വരെ |
| | കെ.ബി മുഹമ്മദ് റഫീക്ക് | 1/10/16 മുതൽ 26/10/16 വരെ |
| | പി.വി ഷാബു | 27/10/16 മുതൽ 10/11/16 വരെ |
| | കെ.ബി മുഹമ്മദ് റഫീക്ക് | 11/11/16 മുതൽ 20/12/16 വരെ |
| | എൻ.എം.അബ്ദുൾ ജലീൽ | 21/12/16 മുതൽ 31/03/17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി. സെക്രട്ടറി | കെ.ബി.മുഹമ്മദ് റഫീക്ക് | 01/04/16 മുതൽ 31/03/2017 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ജ്യോതി.പി.ബിന്ദു | 01/04/16 മുതൽ 31/03/2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ജോബി.ടി.ജെ | 01/04/16 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്. സി | ഡോ.സജീവ് കുമാർ | 01/04/16 മുതൽ 31/03/2017 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | നഫീസ ബീഗം | 01/04/16 മുതൽ 30/11/16 വരെ |
| | എഡിസൺ | 1/12/16 മുതൽ 31/3/17 വരെ |
| ഐ സി ഡി എസ് | വത്സല | 01/04/16 മുതൽ 30/11/16 വരെ |
| | സിനി.സി.ജെ | 05/12/16 മുതൽ 31/03/17 വരെ |
| വി ഇ ഒ | ഹന.പി.എ | 01/04/16 മുതൽ 31/03/17 വരെ |
| വി ഇ ഒ | കെ.എച്ച്.സറീന | 01/04/16 മുതൽ 31/03/17 വരെ |
| എച്ച്. എം. | വി.എസ്.ദീപ, എച്ച്.എം, ജി.യു.പി.എസ് | 01/04/16 മുതൽ 31/03/17 വരെ |
| എൽ.എസ്.ജി.ഡി എഞ്ചിനീയർ | പ്രകാശൻ.സി.എസ് | 01/04/16 മുതൽ 13/07/16 വരെ |
| | നിഷി.പി.ദേവദാസ് | 14/07/16 മുതൽ 14/02/17 FN വരെ |
| | പ്രകാശൻ.സി.എസ് | 14/02/17 AN മുതൽ 31/3/17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത് ഇ.എം | 01/04/16 മുതൽ 31/03/17 വരെ |
| ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | സന്തോഷ് കുമാർ | 01/04/16 മുതൽ 31/03/17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം–1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| | ഭാഗം – 2 | |
| 12 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-1 |
| 13 | ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-2 |
| 14 | തൊഴിൽ നികുതി,സ്ഥാപനതൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകത | 2-3 |
| 15 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതുവരെയും ഈടാക്കിട്ടില്ല | 2-5 |
| 17 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-6 |
| | ഭാഗം – 3 | |
| 18 | സംയുക്ത പ്രോജക്ടിലെ നീക്കിയിരുപ്പ് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കണം. | 3-1 |
| 19 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-2 |
| 20 | തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വാങ്ങലുകൾ-പ്രോക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം. | 3-3 |
| 21 | ഫിഷറീസ് സബ് ഇൻസ്പെക്ടർ - പദ്ധതികൾ നടപ്പാക്കാത്തത് | 3-4 |
| 22 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല | 3-5 |
| 23 | സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കാൻ നടപടി സ്വീകരിക്കണം. | 3-6 |
| 24 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. | 3-7 |
| 25 | സേവന ഗുണമേന്മ- തുടർ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. | 3-8 |
| 26 | ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. | 3-9 |
| 27 | ഭവന നിർമ്മാണ പദ്ധതികൾക്ക് തുക കൈമാറിയത്-വിനിയോഗ സാക്ഷ്യപത്രം | 3-10 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല. | |
| 28 | അപകടാവസ്ഥയിലുള്ള ഷോപ്പിങ് കോംപ്ലക്സ്- കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിൽ വിരുദ്ധമായ തീരുമാനങ്ങൾ | 3-11 |
| 29 | പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് ഉപയുക്തമാക്കേണ്ടതാണ് | 3-12 |
| 30 | വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾ- ക്രമമായി സൂക്ഷിച്ചിട്ടില്ല | 3-13 |
| 31 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മാർഗ്ഗരേഖ മാനദണ്ഡം നടപ്പാക്കിയില്ല | 3-14 |
| 32 | വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റുരസീത് ലഭ്യമാക്കേണ്ടതാണ്. | 3-15 |
| 33 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ- പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 3-16 |
| 34 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ - ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-17 |
| 35 | ക്ഷേമ പെൻഷനുകൾ | 3-18 |
| 36 | തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-19 |
| 37 | പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. | 3-20 |
| 38 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്. | 3-21 |
| 39 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്ന് വിതരണം ചെയ്തിട്ടില്ല . | 3-22 |
| 40 | തൊഴിലുറപ്പുപദ്ധതി അവലോകനം | 3-23 |
| | ഭാഗം – 4 | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |

| | | |
|---|---|---|
| 48 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 49 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസാക്കിയ തീയ്യതി | 05.03.2016 | 11/08/2016- |
| കമ്മറ്റിതീരുമാനം | 1 | 1 |
| പ്രതീക്ഷിത വരവ് ചെലവ് എന്നിവ | വരവ് | ചെലവ് |
| | 108377592 | 99514661 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 25/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് പരിശോധിച്ചതിൽ നിന്നും താഴെ കാണും പ്രകാരം വ്യത്യാസം കാണുന്നുണ്ട്.

1. സംയുക്ത പ്രോജക്ട് ഇനത്തിൽ 40(a) പ്രകാരം STSB അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള സംഖ്യയും B4 പട്ടികയിൽ ഈയിനത്തിൽ രേഖപെടുത്തിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്.

2. പ്രോപ്പർട്ടി ടാക്സിനത്തിൽ സാംഖ്യ പ്രകാരം രേഖപെടുത്തിയിട്ടുള്ള ഡി.സി.ബി. തുകയും സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. തുകയും തമ്മിൽ വ്യത്യാസം കാണുന്നുണ്ട്.

3. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് തൻവർഷം 20,98,325 രൂപ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. എന്നാൽ RP47സ്റ്റേറ്റ് മെന്റിൽ ടി തുക ഉൾപെടുത്തി കാണുന്നില്ല.

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം&എക്സ്പെൻറിച്ചർ പത്രിക, രസീറ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 96,34,166 |
| വരവ് | 39,864,119 |
| ആകെ | 49,498,285 |
| ചെലവ് | 35,447,904 |

| | |
|---|---|
| നീക്കിബാക്കി | 14,050,381 |

## 1-5 വിവിധ ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 7939711 | 7939711 | 5924330 | 2015381 | 74.61 |
| വികസന ഫണ്ട് എസ്.സി.പി | 0 | 5112834 | 5112834 | 3453830 | 1659004 | 67.55 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| 13 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4452610 | 4452610 | 2710953 | 1741657 | 60.80 |
| ലോക ബാങ്ക് ധനസഹായം | 0 | 2332159 | 2332159 | 1998024 | 334135 | 85.67 |
| ബിഫണ്ട് | 0 | 30809367 | 30809367 | 30809367 | 0 | 100 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2554755 | 2554755 | 1457549 | 1097206 | 57.05 |
| റോഡ് | 0 | 4881561 | 4881561 | 2490031 | 2391530 | 51.00 |
| ജനറൽ പർപ്പസ് ഗ്രാൻറ് | 5978606 | 6823812 | 12802418 | 2235331 | 10567087 | 17.46 |
| എൻ.ആർ.ഇ.ജി.എസ് | 16409 | 16930952 | 16947361 | 16941109 | 6252 | 99.96 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം % |
|---|---|---|---|---|---|---|
| 114 | 34594582 | 64 | 20004721 | 47 | 3 | 56.14 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3690554 | 6334520 | 2643966 | (+)71.64 |
| നികുതിയേതര വരവുകൾ | 1827995 | 1826600 | 1395 | (-)0.00076 |
| മറ്റുവരവുകൾ | 80902 | 6904202 | -6823300 | (+)84.34 |
| ആകെ | 5599451 | 15065322 | 9465871 | (+)169.04 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോ |
|---|---|---|

| | തുക | ക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 100800 | 55 |
| കർഷക തൊഴിലാളി വേതനം | 1494400 | 139 |
| വിധവ പെൻഷൻ | 12434430 | 1024 |
| വാർദ്ധക്യകാല പെൻഷൻ | 12726705 | 1469 |
| വികലാംഗ പെൻഷൻ | 2616940 | 251 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞ വനിതകൾക്കുള്ള പെൻഷൻ | 418560 | 45 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6/7/17 തിയ്യതിയിൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6026/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വർഷം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 20. 07-2017 | 2017 മെയ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 28/01/2013 | 2007.08 to 2011.12 | 21. 03. 2013 |

## 1-11 ആഭ്യന്തര നിയന്ത്രണം

1.ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

2.ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ പ്രവർത്തനരഹിതമാണ്

3.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കി(വീട് നമ്പർ ചേർത്ത്) സൂക്ഷിക്കേണ്ടതാണ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നമ്പർ 58725/ എഫ്.എം3/2008/ ത.സ്വ. ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ പെരിഞ്ഞനം പഞ്ചായത്തിന്റെ തനത് ഫണ്ട് എസ്.ബി.ഐ, റ്റി.ഡി.സി ബാങ്ക്, പി.എസ്.സി.ബി എന്നിവയിൽ നിക്ഷേപിക്കുന്നതായി കാണുന്നു. ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

1. 5എച്ച്.പിയ്ക്ക് മുകളിൽ വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം വാങ്ങി അപക്ഷയോടൊപ്പം വയ്ക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

താഴെ ചില ഉദാ: ചേർക്കുന്നു

| ലൈസൻസ് അപേക്ഷ | വൈദ്യുത ഉപകരണം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| എ5/1241/16 തി.1/3/2016 | 10 എച്ച്.പി | അനശ്വര ഫർണീച്ചർ ഇൻഡസ്ട്രീസ് |
| എ5/1248/16 തി.1/3/2016 | 9 എച്ച്.പി | മർഹബ സ്റ്റെയിൻലസ് സ്റ്റീൽ ഇൻഡസ്ട്രീസ് |
| എ5/1238/16 തി.1/3/2016 | 50 എച്ച്.പി | വൈറ്റൽ ക്രാഫ്റ്റ് ഇൻഡസ്ട്രീസ് |

ചില ലൈസൻസ് അപേക്ഷകളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം 30/06/2016 വരെയാണ് കാണുന്നത്

| ലൈസൻസ് അപേക്ഷ | വൈദ്യുത ഉപകരണം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| എ5/2059/16 തി.1/3/2016 | 35 എച്ച്.പി | ലീഫ് എൻ റിലീഫ് |
| എ5/2061/16 തി.1/3/2016 | 29 എച്ച്.പി | ബാലസുധ ആയുർവേദിക്സ് |

2.ചില ലൈസൻസ് അപേക്ഷകളിൽ ഡ്രഗ്സ് കൺട്രോളറിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം

31/12/2016 വരെയാണ് കാണുന്നത്.

| ലൈസൻസ് അപേക്ഷ | വൈദ്യുത ഉപകരണം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| എ5/2059/16 തി.1/3/2016 | 35 എച്ച്.പി | ലീഫ് എൻ റിലീഫ് |
| എ5/2061/16 തി.1/3/2016 | 29 എച്ച്.പി | ബാലസുധ ആയുർവേദിക്സ് |

താഴെ പറയുന്ന സ്ഥാപനത്തിന് ഡ്രഗ്സ് കൺട്രോളറിൽ നിന്നുള്ള അനുമതി സാക്ഷ്യപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്

| ലൈസൻസ് അപേക്ഷ | സ്ഥാപനത്തിന്റെ പേര് |
|---|---|
| എ5/3288/16 | ചന്ദസ് ആയുർവേദിക്സ് |

## 2-3 തൊഴിൽ നികുതി,സ്ഥാപനതൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട അപാകത

Iതാഴെ പറയുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൻ ഉൾപ്പെട്ടുത്തിയിട്ടില്ല

1.ലീഫ് എൻ റിലീഫ്

2.ബാലസുധ ആയുർവേദിക്സ്

3.ചൈതന്യ ഹോസ്പിറ്റൽ

4.മണപ്പുറം ഹെൽത്ത് കെയർ

5.സപ്ലൈകോ,പെരിഞ്ഞനം

II.താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷികം |
|---|---|
| ബി.എസ്.എൻ.എൽ | I,II |
| മാവേലി സ്റ്റോർ | I,II |
| സപ്ലൈകോ,ചക്കരപ്പാടം | II |
| മാകെയർ | I,II |
| പി.എസ്.സി.ബി | II |
| എസ്.ഐ.ബി,ബാങ്ക് | II |
| സിറ്റി ട്രാവൽസ് | I,II |
| ഫാറ്റി ട്രാവൽസ് & ടൂർസ് | I,II |
| പ്രൊപ്രൈറ്റർ മെറ്റൽ ക്രാഫ്റ്റ് | I,II |

ആയതിന് വിശദീകരണം നൽകേണ്ടതാണ്

ഓഡിറ്റ് എൻക്വയറി 15 നൽകിയെങ്കിലും മറുപടി നൽകിയില്ല

## 2-4 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിൽ ടെൻഡർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് ഓഡിററ് എൻക്വയറി 13 (തീ.16.8.2017) ന്, മറുപടി നൽകിയില്ല. ആയതിനാൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഈടാക്കിട്ടില്ല

പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നാളിതു വരെയും ഈടാക്കിയിട്ടില്ല. ഓഡിററ് എൻക്വയറി 14 (തി.16.8.2017)ന് നൽകിയ മറുപടിയിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 1,28,794/- ഉള്ളതായി കാണുന്നു. ആയതിനാൽ വസ്തുനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിൽ ആകെ 6 മൊബൈൽ ടവറുകളാണുള്ളതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ആയതിനാൽ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ അനധികൃതമായി പ്രവർത്തിച്ച വരുന്ന മൊബൈൽ ടവറുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി വസ്തുനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ മൊബൈൽ ടവറിന് പെർമിറ്റ് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്നാണ് ഓഡിററ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. പുതിയ മൊബൈൽ ടവറിനുള്ള 4G സേവന ദാതാക്കളുടെ പെർമിറ്റ് അപേക്ഷകളൊന്നും കാണാൻ സാധിച്ചില്ല. ആയതിനാൽ അനധികൃതമായി പണി പൂർത്തീകരിച്ച എല്ലാ മൊബൈൽ ടവറുകളും കണ്ടെത്തി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില ഉദാ താഴെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നം | വസ്തുനികുതി കുടിശ്ശിക | വർഷം |
|---|---|---|---|
| ജമീല,പുത്തൻ വീട്ടിൽ | 10/516 | 14,070/- | 2013 മുതൽ |
| ലക്ഷ്മി,കുന്നികുളത്ത് ഹൗസ് | 10/510 | 51,450/- | 2013 മുതൽ |
| ജോൺ എ ,തയ്യിൽ ഹൗസ് | 4/362A | 1,14,402/- | 2015 മുതൽ |
| സുജൻ,കുന്നികുളത്ത് ഹൗസ് | 10/514 | 1,01,265/- | 2013 മുതൽ |

| | | | |
|---|---|---|---|
| വിജയൻ,വസുമതി,രാമത്ത് ഹൗസ് | 4/331 | 71,960/- | 2013 മുതൽ |
| യൂസഫ്,എടശ്ശേരി ഹൗസ് | 10/311 | 2835/- | 2013 മുതൽ |

മുകളിൽ പ്രസ്താവിച്ച വസ്തുനികുതി കുടിശ്ശിക 2013 മുതൽ മാത്രമാണ് കാണുന്നത്. മുകളിൽ പ്രസ്താവിച്ച പല വീടുകളും 5 മുതൽ 12 വർഷങ്ങൾ പഴക്കമുള്ളവയാണ്. അതായത് സഞ്ചയ സോഫ്റ്റ് വെയർ, സാംഖ്യയുമായി സംയോജിപ്പിച്ചപ്പോൾ 2013ന് മുൻപുള്ള വസ്തുനികുതി കുടിശ്ശിക മാന്വലായി എൻട്രി ചെയ്തിട്ടില്ലായെന്ന് വ്യക്തമാണ്. ആയതിനാൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളുടെയും വസ്തുനികുതി കുടിശ്ശിക കൃത്യമാക്കി, ആയത് ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയുക്ത പ്രോജക്ടിലെ നീക്കിയിരിപ്പ് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ 16-17 വർഷത്തെ ബാലൻസ് ഷീറ്റ് ബി.4പട്ടിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ നീക്കിയിരിപ്പായി 5,16,611/- രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നീക്കിയിരിപ്പായി 14500രൂപയും രേഖപെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തുകയുടെ വിവരം പരിശോധിച്ച് തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

പ്രോജക്ട് നം. So 4/17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം 3,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് ക്ഷീര സംഘത്തെ തെരഞ്ഞെടുത്തതിന്റെ ഭരണ സമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. പെരിഞ്ഞനം ക്ഷീര സംഘത്തിന്റെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കാലിതീറ്റ വിതരണം ചെയ്തിട്ടില്ലായെന്ന് കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അവസാനം കാലിതീറ്റ |
|---|---|

| | |
|---|---|
| | കൈപറ്റിയ തിയതി |
| മധുസൂതനൻ പെരിങ്ങത്തറ | വിതരണം ചെയ്തിട്ടില്ല |
| ദാസൻ കണക്കശ്ശേരി | 24/5/17 |
| കൃഷ്ണൻ പടിയത്ത് | 24/4/17 |
| സീമ മുരളീധരൻ | 24/3/17 |

മേൽ ഗുണഭോക്താക്കൾക്ക് കാലിതീറ്റ തുടർന്ന് വിതരണം ചെയ്യുന്നുണ്ടോയെന്നത് സംബന്ധിച്ച് പരിശോധന നടത്തുകയും തുടർന്ന് വിതരണം ചെയ്യുന്നില്ലായെങ്കിൽ അധികമായി നൽകിയ തുക തിരികെ വാങ്ങുകയോ തുടർ വർഷങ്ങളിലെ പദ്ധതിതുകയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വാങ്ങലുകൾ-പ്രോക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണം.

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്റ്റ് നം. 65/17 പ്രകാരം വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി 89,999 രൂപ വിഷ്ണു മെഡിക്കൽസ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വാങ്ങൽ നടത്തുന്നതിന് ബാധകമായ 8.11.2010സ.ഉ.(പി)259/10 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 50000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരമായി ക്വട്ടേഷൻ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഫിഷറീസ് സബ് ഇൻസ്പെക്ടർ - പദ്ധതികൾ നടപ്പാക്കാത്തത്

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് 2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളിൽ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പാക്കിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് തയ്യാറാക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കാതിരിക്കുന്നത് പഞ്ചായത്തിന്റെ താൽപര്യങ്ങൾക്ക് ഗുണകരമല്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.

## 3-5 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി SO57/17 പ്രകാരം മുഹമ്മദ് നാഫിക്, കൊറ്റായി പറമ്പിൽ, പെരിഞ്ഞനം എന്ന ഗുണഭോക്താവിന് 7400 രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താവിന്റെ മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. വൈകല്യം

തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-6 സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കാൻ നടപടി സ്വീകരിക്കണം.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ തൻവർഷത്തിൽ നടപ്പാക്കിയ s037/17പൂരക പോഷകാഹാര പദ്ധതിക്കായി വിവിധ അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോ പെരിഞ്ഞനം, തേജസ് ആക്ടിവിറ്റി ഗ്രൂപ്പ് എടവിലങ്ങ് എന്നിവിടങ്ങളിൽ നിന്നും വാങ്ങിയ ഭക്ഷ്യ വസ്തുക്കൾ, ഭക്ഷ്യ മിശ്രിതം എന്നിവ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല. ബിൽ നം. 0158/23.12.16പ്രകാരം പിൻവലിച്ച 2,22,378/- രൂപയുടെ ബില്ലുകൾ പ്രകാരമുള്ള സ്റ്റോക്ക്, 2,3 ക്വാർട്ടറുകളിലായി ലഭിച്ച WBNP അരിയുടെ സ്റ്റോക്ക് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപെടുത്തിയിട്ടില്ല. ചെക്ക് നം. 5639/1.10.16പ്രകാരം സപ്ലൈകോയ്ക്ക് നൽകിയ 64887/-രൂപയുടെ പർച്ചേയ്സ് ബിൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഇനങ്ങൾ യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അംഗൻവാടി നം. 84 ലേക്ക് മാർച്ച് 2017 ന് വിതരണം ചെയ്തിരുന്ന 25 കി.ഗ്രാം ഗോതമ്പ് ഭക്ഷ്യയോഗ്യമല്ലാത്തതിനാൽ തിരികെ നൽകിയിരുന്നുവെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് വിതരണം ചെയ്ത ഇനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപെടുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അഞ്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. (86,91,97,98,139,) ഇതിൽ 86,91 അംഗൻവാടികൾ പഞ്ചായത്ത് കെട്ടിടങ്ങളിലും 97,98,139 അംഗൻവാടികൾ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 98ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനായി 10സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 16.1.14ലെ ഗവ.സർക്കുലർ നം. 62671/യു/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ആവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. 3.9.10ലെ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അംഗനവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം കേന്ദ്രഫണ്ടിനത്തിൽ മുൻവർഷത്തിൽ 14,34,721 രൂപ നീക്കിയിരുപ്പുണ്ടായിരുന്നു. ഇതിൽ 17-18 വർഷത്തെ പൂരകപോഷകാഹാര പരിപാടിക്കായി 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുക ഭൂമി കണ്ടെത്തുന്ന ആവശ്യത്തിലേക്കായി വിനിയോഗിക്കാവുന്നതാണ്.

അംഗൻവാടി നം. 94 ലേക്കുള്ള വഴി തടസ്സപ്പെടുത്തിയതിനെ തുടർന്ന് അംഗൻവാടി മോണിറ്ററിംഗ്

സമിതിയും പഞ്ചായത്തും നടത്തിയ ഇടപെടലിനെ തുടർന്ന് മൂന്നടി വീതിയിൽ വഴി ലഭ്യമാക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുന്നതിന് തീരുമാനമെടുത്തു കാണുന്നു. പൊതു ജനങ്ങളിൽ നിന്നും തുക സമാഹരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം ആവശ്യമായ രസീതുകൾ ഉപയോഗിക്കേണ്ടതും സാമ്പത്തിക ക്രയവിക്രയങ്ങളിൽ അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്. മുഴുവൻ കുട്ടികൾക്കും ബയോമെട്രിക് ഐഡന്റിഫിക്കേഷൻ നടത്താൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും ചുറ്റുമതിൽ നിർമിക്കുക, രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ നൽകുക, കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക, അംഗൻവാടികളിൽ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ സ്ഥാപിക്കുക, ഭക്ഷ്യ വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനാവശ്യമായ പാത്രങ്ങൾ ലഭ്യമാക്കുക, അംഗൻവാടികളിൽ രജിസ്റ്ററുകളും രേഖകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുക എന്നിവ നിലവിൽ പൂർത്തീകരിക്കേണ്ട ആവശ്യങ്ങളാണ്. ഇതൊടൊപ്പം തന്നെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ രേഖകൾ സൂക്ഷിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു ഓഫീസ് സംവിധാനം ഉണ്ടാകേണ്ടതുമുണ്ട്. ആയതിനാൽ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 സേവന ഗുണമേന്മ- തുടർ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി ഗുണമേന്മയുള്ള സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും, പ്രാദേശിക ഭരണ നിർവ്വഹണം കാര്യക്ഷമമായും, നീതിയുക്തമായും നിർവ്വഹിക്കുന്നതിന് ഏർപ്പെടുത്തിയ വിവിധ സേവന സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് 21.4.16 മുതൽ മൂന്നു വർഷത്തേക്ക് TQS/Q-188നമ്പറായി ISO certification ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി വിശ്രമസൗകര്യം, കുടിവെള്ളം, ഹെൽപ് ഡെസ്ക്, ടോക്കൺമെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിവിധ സേവനങ്ങൾക്കായി സൂചിക സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ ഫ്രണ്ട് ഓഫീസിനെ ബാക്ക് ഓഫീസുമായി ലിങ്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, സേവന പെൻഷൻ തുടങ്ങിയവക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സേവന പുരോഗതി അറിയുന്നതിനായി ഫയൽ ട്രാക്കിംഗ് സംവിധാനമായ ടച്ച് സ്ക്രീൻ നിലവിൽ പ്രവർത്തനക്ഷമമല്ല. ഇത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. 29.1.15ലെ സ.ഉ.(എം.എസ്)നം.18/2015 ത.സ്വ.ഭ.വ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള മറ്റു സേവനങ്ങൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൊതു ജനങ്ങൾക്ക് നിലവിൽ ലഭ്യമാകുന്ന സേവനഗുണമേന്മയുടെ തുടർച്ച ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-9 ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ഗ്രാമപഞ്ചായത്തിന്റെ 15വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനായി വിവിധ അംഗൻവാടികളെ ചുമതല ഏൽപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്ന് കാണുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഭവന നിർമ്മാണ പദ്ധതികൾക്ക് തുക കൈമാറിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ s074/17പി.എം.എ.വൈ. വിഹിതം, s0133/17ഐ.എ.വൈ അധിക വിഹിതം എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 4,00,000/- ,2,75,000/- എന്നിങ്ങനെ ആകെ 6,75,000/- രൂപ മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 അപകടാവസ്ഥയിലുള്ള ഷോപ്പിങ് കോംപ്ലക്സ്- കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിൽ വിരുദ്ധമായ തീരുമാനങ്ങൾ

ഗ്രാമപഞ്ചായത്തിലെ ഷോപ്പിങ് കോംപ്ലക്സ് അപകടകരമായ അവസ്ഥയിലാണെന്നും ആയത് പൊളിച്ചുകളയണമെന്ന് നിർദേശിച്ചുകൊണ്ടും ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ 5/7/16 ന് കത്ത് നൽകിയത് പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ 9/8.1.16 നം. തീരുമാനപ്രകാരം താഴെ നിലയിലുള്ള കച്ചവടക്കാരുമായുള്ള കരാർ 31/3/17 ന് ശേഷം പുതുക്കി നൽകേണ്ടതില്ലെന്നും മുകളിലെ നിലയിലുള്ളവർക്ക് ഒരു മാസത്തെ നോട്ടീസ് നൽകി ഒഴിപ്പിക്കാമെന്നും തീരുമാനിച്ചിരുന്നു. 18/16.2.16നം തീരുമാനപ്രകാരം കെട്ടിടം ബലക്ഷയത്താൽ പൊളിച്ചുനീക്കണമെന്നും ആധുനികരീതിയിലുള്ള ഷോപ്പിങ് കോംപ്ലക്സ് നിർമിക്കാനും ആലോചിച്ചിരുന്നതാണ്. A8-3533/14.2.17നം. കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പണിതിട്ടുള്ള കെട്ടിടത്തിലേക്ക് ഷോപ്പിങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കച്ചവടക്കാരെ താല്ക്കാലികമായി പ്രവർത്തിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയതിന് മറുപടി കിട്ടിയില്ല.

1/23.3.17നം. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം മുൻ തീരുമാനത്തിന്, വിരുദ്ധമായി താഴെ നിലയിലുള്ള കച്ചവടക്കാരെ, മാനുഷികപരിഗണനയാലെ, 31.3.17 ന് ശേഷം ആറുമാസത്തേക്ക് കൂടി തുടരാൻ നിശ്ചയിച്ചു. ഇത് മുൻ തീരുമാനത്തിന് വിരുദ്ധമെന്നും മനുഷ്യജീവന് ഭീഷണിയെന്നും ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി A8-3533/23.3.17 നം. പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകുകയും തീരുമാനം പുനപരിശോധിക്കണമെന്നും നിർദേശിച്ചു. ആയത് പ്രകാരം ഭരണസമിതിയുടെ 4/4.4.17 നം. തീരുമാനത്തിൽ ഭരണസമിതി മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുവാൻ നിശ്ചയിക്കുകയാണുണ്ടായത്. A8-3533/5.4.17 നം.കത്തിലൂടെ സെക്രട്ടറി ഇത് 2003ലെ കേരളപഞ്ചായത്ത് രാജ് ചട്ടങ്ങളിലെ നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമമായ 4(3) നം. ചട്ടത്തിന് വിരുദ്ധമെന്നും ചൂണ്ടിക്കാട്ടി ത.സ്വ.ഭ.വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭിക്കാത്തതിനാൽ മേൽ

നമ്പറിലുള്ള 18/5/17ലെ കത്ത് പ്രകാരം നിർദേശമൊന്നും ലഭിക്കാത്തതിനാൽ കമ്മിറ്റി തീരുമാനം നടപ്പിലാക്കേണ്ടിവന്നതായും ത.സ്വ.ഭ.വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സെക്രട്ടറി സന്ദർഭോചിതമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. കച്ചവടക്കാരുമായുള്ള പുതുക്കിയ കരാർ അവസാനിക്കുവാൻ ഒന്നരമാസത്തോളമേ സമയം ബാക്കിയുള്ളൂ, എങ്കിലും ഷോപ്പിങ് കോംപ്ലക്സ് പുതുക്കിപ്പണിയുന്ന കാര്യത്തിൽ പ്രവർത്തനപുരോഗതിയൊന്നും തന്നെ ഇതുവരെ കൈവരിച്ചിട്ടില്ല. ആയതിനാൽ അപകടാവസ്ഥയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ കച്ചവടക്കാരെ ഒഴിപ്പിക്കുന്നതോ, ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയകെട്ടിടത്തിലേക്ക് താൽകാലികമായി മാറ്റുന്നകാര്യത്തിലോ യുക്തമായ തീരുമാനമെടുക്കേണ്ടതാണ്.

## 3-12 പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് ഉപയുക്തമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിൽ സാമ്പത്തികവർഷം 3,99,897/- (BILL No.20-16-17/30.3.17) രൂപ ചെലവിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ല. പന്ത്രണ്ടാം പഞ്ചവൽസരപദ്ധതി മാർഗരേഖ (GO(MS)4/16/ത.സ്വ.ഭ.വ തീ.11.1.16) യിലെ XIII സി നം.ഖണ്ഡിക പ്രകാരം ഒരു കെട്ടിടനിർമാണ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ ആയതിനും എന്തെല്ലാം പ്രവൃത്തികൾ വേണ്ടി വരുമോ ആയതിനെല്ലാമുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി ,യൂണിറ്റ് സ്ഥാപനം എന്നിവ എത്രയും വേഗം നടത്തി പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 3-13 വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾ-ക്രമമായി സൂക്ഷിച്ചിട്ടില്ല

വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്ന് പരിശോധനയിൽ കണ്ടു. സാമ്പത്തികവർഷം 12/1/17 മുതൽക്കുള്ള അപേക്ഷകൾ മാത്രമാണ് ഫയലിലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയത് വിശദീകരിക്കേണ്ടതും അപേക്ഷകൾ ക്രമപ്രകാരം സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - മാർഗ്ഗരേഖ മാനദണ്ഡം നടപ്പാക്കിയില്ല

പദ്ധതി നമ്പർ 78/16-17

നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

അടങ്കൽ തുക 150000( പ്ലാൻ ഫണ്ട് 30000 ഗ്ര.ഭോ.വിഹിതം 120000)

ചെലവ് 150000 രൂപ

കൃഷി ഓഫീസർ നടപ്പാക്കിയ മേൽപദ്ധതിയിൽ വിള ഇൻഷുറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കണമെന്ന മാനദണ്ഡം (ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.2016) നടപ്പാക്കിയില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2016–17 വർഷത്തിൽ കൂട്ടുതലും കരനെൽകൃഷിയായതിനാൽ 2016 ഏപ്രിലിൽ തന്നെ കൃഷിയിറക്കിയിരുന്നതായി പറയുന്നു. അതേസമയം പ്രൊജക്ട് അനുവാദം ലഭിച്ചത് ജനുവരിയിലായതിനാൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രായപരിധി കഴിഞ്ഞിരുന്നതിനാലാണ് പ്രീമിയം വാങ്ങാതിരുന്നത് എന്ന് കൃഷി ഓഫീസർ വിശദീകരിച്ചു. സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റുരസീത് ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള താഴെ പറയുന്ന പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയ തുകക്ക് വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റുരസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക |
|---|---|
| എ.ബി.സി പദ്ധതി നം.39/17 | 75000 |
| ഐ.കെ.എം ഫണ്ട്. നം.44/17 | 74318 |
| പി.എം.എ.വൈ ഭവനപദ്ധതി.നം.69/17 | 240000 |

## 3-16 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ- പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

പദ്ധതി നം.106 / 17

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ

അടങ്കൽ തുക 200370 രൂപ

ചെലവുതുക 177320 രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് എടുത്തിരിക്കുന്നത് പൊതുവായ രജിസ്റ്ററിലാണ്. സർക്കുലർ നമ്പർ 86 / 2010 /fin24.09.2010ലെ നിർദ്ദേശാനുസരണം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസറ്ററുകൾ സൂക്ഷിക്കണം. ആയതിനാൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ കമ്പ്യൂട്ടർ 3എണ്ണം , പ്രിന്റർ 2 എണ്ണം എന്നിവ സർക്കുലർ നിർദ്ദേശപ്രകാരം പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി ആയതിൽ രേഖപ്പെടുത്തേണ്ടതാണ്.

## 3-17 ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ - ഔഷധിയിൽ നിന്നും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

പദ്ധതി നമ്പർ 97 /17

"ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ "

അടങ്കൽ തുക : 4,06,000

ചെലവ് : 4,06,000

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ മേൽപറഞ്ഞ പദ്ധതി പ്രകാരം ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് ഔഷധിക്ക് 4,06,000 രൂപ മുൻകൂർ നൽകി(ട്രഷറി ബിൽ നം. 2/16 – 17 തിയ്യതി 30/01/17). 28.10.2010 ലെ 13160 /ഡിഎ–1 /2010/ തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് ഔഷധിയിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മരുന്നുവാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിലാണ് മുൻകൂർ തുക നൽകാവുന്നത്. ഇതു സംബന്ധിച്ച് കരാർ ചമക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ മരുന്ന നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം. മേൽപ്രൊജക്ടിൽ സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
(i) മുൻകൂർ തുക കൈമാറി 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം നടത്തിയിട്ടില്ല. ഓഡിറ്റ് തിയ്യതിയിലും 146901 (4,06,000 - 259099) രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | ഔഷധി മുൻകൂർ തുക കൈപ്പറ്റിയതിന്റെ വിവരം രസീതി നം / തുക | | മരുന്നുകൾ ലഭ്യമായ തിയതി | തുക |
|---|---|---|---|---|
| | 1046 /424 / 19.04/2017 | 4,06,000 രൂപ | 15/02/2017<br>06/06/2017 | 218615<br>40484 |
| | | | ആകെ | 259099 |

(ii) ഔഷധിയുമായി നിയമസാധുതയുള്ള കരാർ ചമച്ചിട്ടില്ല. മുദ്രപ്പത്രത്തിനു പകരം സാധാരണ കടലാസിൽ കരാർവ്യവസ്ഥകൾ രേഖപ്പെടുത്തി 11.03.17 തിയ്യതി വെച്ച് കമ്പനി മാനേജർ ഒപ്പുവെച്ചിരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് മരുന്നുകൾ പൂർണമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ക്ഷേമ പെൻഷനുകൾ

ക്ഷേമപെൻഷനുകൾ അപേക്ഷ ലഭിച്ച് 45 - 60 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. കൂടാതെ ജി.ഒ(എം.എസ്)602/13 സാമൂഹ്യ നീതി വകുപ്പ് ഉത്തരവ് പ്രകാരം അപേക്ഷാതീയതിയിൽ പെൻഷന് അർഹതയുണ്ടെങ്കിൽ അന്നു മുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. 2016 -17 കാലയളവിൽ പഞ്ചായത്തിൽ കൈകാര്യം ചെയ്ത സാമൂഹ്യക്ഷേമ പെൻഷനുകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഉണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 100800 | 55 |
| കർഷക തൊഴിലാളി വേതനം | 1494400 | 139 |

| | | |
|---|---|---|
| വിധവ പെൻഷൻ | 12434430 | 1024 |
| വാർദ്ധക്യകാല പെൻഷൻ | 12726705 | 1469 |
| വികലാംഗ പെൻഷൻ | 2616940 | 251 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞ വനിതകൾക്കുള്ള പെൻഷൻ | 418560 | 45 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

DBT സമ്പ്രദായം നിലവിൽ വന്നതിന് ശേഷം ഗുണഭോക്താക്കൾക്ക് പെൻഷൻ തുക പഞ്ചായത്ത് ഡയറക്ടർ നേരിട്ടാണ് വിതരണം ചെയ്തുവരുന്നത്. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പെൻഷൻ ഗുണഭോക്താക്കളുടെ വിവരണങ്ങൾ സേവനപെൻഷൻ സോഫ്റ്റ് വെയർ വഴി ഡാറ്റാ എൻട്രി ചെയ്ത് DBT സെല്ലിലേയ്ക്ക് ഡാറ്റാ ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തു വരുന്നത്. DBT സെല്ലിൽ നിന്ന് നിശ്ചിത ഗുണഭോക്താക്കൾക്ക് പെൻഷൻ അയക്കുന്ന സമയത്താണ് പെൻഷൻ ഇരട്ടിപ്പ് സംബന്ധിച്ചും മറ്റുമുള്ള പരിശോധന നടത്തുന്നത്. കൂടാതെ വികലാംഗപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് മറ്റൊരു പെൻഷൻ വാങ്ങാൻ അർഹതയുണ്ട് എന്ന ഗവ. ഉത്തരവ് നിലവിൽ ഉണ്ടെങ്കിലും പഞ്ചായത്തിൽ ഡാറ്റാ എൻട്രി ചെയുന്നതിനാവശ്യമായ മാറ്റം സോഫ്റ്റ് വെയറിൽ ഇന്ന് വരെ വരുത്തിയിട്ടില്ല. സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന വ്യക്തിക്ക് അർഹതപ്പെട്ട മറ്റൊരു പെൻഷൻ അനുവദിച്ചാലും ഡാറ്റ എൻട്രി നടത്തുവാൻ സാധിക്കാത്ത അവസ്ഥയുണ്ട്. പെൻഷൻ വിതരണത്തിൽ സോഫ്റ്റ്‌വെയർ സംബന്ധമായി നേരിടുന്ന വിഷമതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി നമ്പർ : 100 / 17

അടങ്കൽ തുക : 500000 രൂപ

ചെലവ് : 162612 രൂപ

ട്രഷറി ബിൽ നം.48 / 03.09.16, 35072 രൂപ

ട്രഷറി ബിൽ നം. 30 /15.02.17, 96080രൂപ

ട്രഷറി ബിൽ നം.41 / 25.03.17, 31460 രൂപ

പഞ്ചായത്തിലെ തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള വാർഷിക ടെണ്ടറിന് 2015–16 സ്പിൽ ഓവർ പദ്ധതി (നം .12 ) പ്രകാരം 03.10.2015 മുതൽ 03.10.2016 വരെ പ്രാബല്യമുണ്ടായിരുന്നു. 2016–17 വർഷത്തേക്കുള്ള കരാർ ഉറപ്പിക്കുന്നതിന് നടത്തിയ ടെണ്ടർ നടപടികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. 2013 ലെ കേരള

സ്റ്റോർ പർച്ചേസ് മാന്വൽ , 2010 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

(i) തെരുവു വിളക്ക് അറ്റകുറ്റപ്പണി പഞ്ചായത്തിൽ തുടർച്ചയായി നടത്തേണ്ടുന്ന പദ്ധതിയായിരുന്നിട്ടും 2015–16 ലെ ടെണ്ടർ കാലാവധി (03.10.2016) അവസാനിക്കുന്നതിനു മുമ്പേ തുടർ വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയില്ല. 18.11.2016 ലാണ് ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്നത് . വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്ന മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

(ii) ലഭ്യമായ 4 ടെണ്ടറുകളിൽ ആകെ ഒരു ടെണ്ടർ മാത്രമാണ് നിയമപ്രകാരമുള്ള രേഖകളോടു കൂടി സമർപ്പിച്ചത് എന്നതിനാൽ 17.12.16 ന് റീ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചു. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തികരിച്ച് വിജയിയായ കരാറുകാരന് (ശ്രീ.റിയാസ്.സി, അമാസ്സ് പവർ സൊല്യൂഷൻസ്, കോഴിക്കോട്) പെർഫോർമൻസ് സെക്യൂരിറ്റി വെച്ച് കരാറിലേർപ്പെടാൻ 12.01.17 ന് അറിയിപ്പ് നൽകി. (04.01.17 തിയ്യതിയിലെ 9(2) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം) ശ്രീ.റിയാസ് 15000 രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് റസിപ്റ്റ് (സീരിയൽ നമ്പർ 0202002 കേരള ഗ്രാമീൺ ബാങ്ക്) പെർഫോർമൻസ് സെക്യൂരിറ്റിയായി ലഭ്യമാക്കിയെങ്കിലും നിയമസാധുതയുള്ള കരാറിൽ ഏർപ്പെട്ടുകാണുന്നില്ല. ഫയലിൽ അനുബന്ധരേഖയായി സൂക്ഷിച്ചിട്ടുള്ള കരാർ അപൂർണ്ണമാണ്. കരാർ ഒപ്പിട്ട തിയ്യതി, കാലാവധി, വ്യവസ്ഥകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം 6 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(iii) 2016 - 17 ലെ കരാർ നിലവിൽ വരുന്നതുവരെയുള്ള 2015–16 കാലയളവിലെ കരാർ പ്രകാരമുള്ള നിരക്കിൽ പഴയ കരാറുകാരൻ തന്നെയാണ് പ്രവൃത്തി ചെയ്തുകൊണ്ടിരുന്നത്. ടെണ്ടർ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | 2015 -16 | 2016 - 17 |
|---|---|---|
| ട്യൂബ് | 260 രൂപ | സിങ്കിൾ ട്യൂബ് - 115 രൂപ |
| സി. എഫ്.എൽ | 100 രൂപ | 50 രൂപ |

എന്നാൽ 2016–17 ലെ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും പിന്മാറുന്നതായി അറിയിച്ചുകൊണ്ട് 28.02.17 ന് സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ട്. വ്യക്തമായ കാരണങ്ങൾ കാണിക്കാതെയാണ് കരാറുകാരൻ പിന്മാറിയിട്ടുള്ളത്. ഏതാനും വാർഡുകളിൽ പണി നടത്തിയതായും ബാക്കിയുള്ള സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ തിരിച്ചേൽപ്പിക്കുന്നതായും കത്തിൽ പറയുന്നു. എന്നാൽ പഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. കരാറുകാരൻ പിന്മാറിയാൽ എടുക്കേണ്ട നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയതായ രേഖകൾ ഫയലിൽ ഇല്ല. നിലവിലുള്ള കരാറുകാരൻ പിന്മാറിയതിനെ തുടർന്ന് 13.03.2017 ലെ 9 - ാം നമ്പർ തീരുമാനപ്രകാരം ടെണ്ടറിലെ രണ്ടാമനായിരുന്ന പഴയ കരാറുകാരൻ ശ്രീ. എം.ബി. മുഹമ്മദിനെ തന്നെ കരാർ ഏൽപ്പിച്ചു. ശ്രീ.റിയാസ് ക്വോട്ട് ചെയ്ത നിരക്കുകളിൽ തന്നെ പ്രവൃത്തി നടത്താൻ നെഗോസിയേഷൻ പ്രകാരം തീരുമാനിച്ചെങ്കിലും 2016-17 കാലയളവിൽ റീടെണ്ടറിലൂടെ ലഭ്യമാകേണ്ട കുറഞ്ഞ നിരക്കിലുള്ള ആനുകൂല്യം തൻവർഷത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. 31.03.2017 ലാണ് ശ്രീ മുഹമ്മദുമായി കുറഞ്ഞ നിരക്കിലുള്ള കരാർ പ്രാബല്യത്തിൽ വരുന്നത്.

മേൽപ്രകാരം പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

(iv) 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.15, 8.30 എന്നിവയനുസരിച്ച് ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി കരാറുകാരൻ പ്രവർത്തിക്കുന്ന സാഹചര്യത്തിലും, കരാർ ലംഘിക്കുന്ന കരാറുകാരുടെ കാര്യത്തിലും ഇ.എം.ഡിയും പെർഫോർമൻസ് സെക്യൂരിറ്റിയും മുതൽ കൂട്ടാവുന്നതാണ്. മേൽ വിഷയത്തിൽ പഞ്ചായത്ത് എന്തു നടപടി സ്വീകരിച്ചുവെന്നതിന്റെ വിവരങ്ങൾ ഫയലിനോടൊപ്പമില്ല.

മേൽ വിഷയം സംബന്ധിച്ച് 16.08.2017 ലെ 9 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതി പ്രകാരം ചെലവഴിച്ച 1,62,612 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 പാലിയേറ്റീവ് കെയർ - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

പദ്ധതി നമ്പർ 76 / 17

സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ തുക 300000 രൂപ

ജനറൽ 200000 രൂപ

ബ്ലോക്ക് 100000 രൂപ

ചെലവ് 300000 രൂപ

പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതി (നം.76/17) പ്രകാരം 55000 രൂപ കാരുണ്യ ഫാർമസിക്ക് നൽകിയിട്ടുണ്ട് (vr.no.256). എന്നാൽ നാളിതുവരെ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല . മാത്രമല്ല സ്ഥാപനത്തിന് തുക കൈമാറിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. തുക കൈമാറിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികളാണ് സാന്ത്വന പരിചരണ പദ്ധതിയുടെ ഗുണഭോക്താക്കളിൽ എന്നതു കണക്കിലെടുത്ത് ഈ വിഭാഗത്തിന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണത്തിന് വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പേര് | ബിൽ നം / കൈമാറിയ തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 108/17 വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 35/17, 28.02.17 654789 | കെ.എസ്.ഇ.ബി |
| 2 | 128/17 വാർഡ് 6, 7 എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ | 36/17, 28.02.17 128511 | കെ.എസ്.ഇ.ബി |
| 3 | 127/17 വാർഡ് 5, 8, 11, 12, 14 എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ സ്ഥാപിക്കൽ | 37/17, 28.02.17 265025 | കെ.എസ്.ഇ.ബി |
| 4 | 51/17 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 33/17, 28.02.17 300000 | കേരള വാട്ടർ അതോറിറ്റി |
| 5 | 130/17 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 34/17, 28.02.17 5,16, 610 (ജനറൽ) | കേരള വാട്ടർ അതോറിറ്റി |

മേൽപ്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തി, പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം, എന്നിവ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് വിതരണം ചെയ്തിട്ടില്ല

സെക്രട്ടറി 2016-17 വർഷത്തിൽ നടപ്പാക്കിയ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (നം.68/17) 1,50,000/- രൂപ വകയിരുത്തി പ്രസ്തുത തുക കേരള സ്റ്റേറ്റ് ഹോമിയോപ്പതി സൊസൈറ്റിക്ക് ട്രഷറി മുഖേന അയച്ചു. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖ (രസീത് നമ്പർ 2820/28.03.2017) ലഭ്യമായെങ്കിലും ഓഡിറ്റ് തിയ്യതിയിലും പ്രസ്തുത തുകക്കുള്ള മരുന്നുകൾ സ്ഥാപനം വിതരണം നടത്തിയിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 തൊഴിലുറപ്പുപദ്ധതി അവലോകനം

മുന്നിരിപ്പ് അടക്കം ആകെ വരവുവന്ന 16948415 രൂപയിൽ 16942163 രൂപയും ചെലവഴിച്ചിട്ടുണ്ട്. 432 പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. 998 കുടുംബങ്ങൾ തൻവർഷം വിവിധ തൊഴിലുകളിൽ ഏർപ്പെട്ടു. 57 കുടുംബങ്ങൾക്ക് തൻവർഷം നൂറ് ദിവസം ജോലി ലഭിച്ചു.

രണ്ട് കോൺക്രീറ്റ് നടപ്പാതകൾ തൻവർഷം നിർമിക്കാൻ കഴിഞ്ഞു. മാത്രമല്ല, കോൺക്രീറ്റ്

ബ്ളോക്കുകൾ നിർമിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതുമൂലം കമ്പോസ്റ്റ് പിറ്റ് നിർമാണത്തിനും എസ്.സി. വീടുകളുടെ നിർമാണത്തിനും ഉപയോഗിക്കാൻ ഉതകുന്നതായി. തോടുകളുടെ പുനരുദ്ധാരണം നീരൊഴുക്ക് വർധിപ്പിക്കാനും, മാലിന്യനിർമാർജനത്തിനും ഉതകുന്നതായി. പച്ചക്കറി കൃഷിക്ക് ഭൂമി ഉപയുക്തമാക്കിയത് മൂലം, കർഷകരുടെ വരുമാനം വർധിപ്പിക്കുവാനും, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് തടയുവാനും പര്യാപ്തമാണ്. കീടനാശിനി, ഒഴിവാക്കിക്കൊണ്ട് കൃഷി ചെയ്യുന്ന പക്ഷം അത് സമൂഹത്തിന്റെ ആരോഗ്യകാര്യങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ഇടവിളകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി കുറയുന്നത് തടയാനും, പയർകൃഷി ചെയ്യുന്നത് മണ്ണിന്റെ ഫലപുഷ്ടി വർധപ്പിക്കുവാനും ഉതകുന്നതാണ്.

കൂടുതൽ ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽലഭ്യത ഉറപ്പുവരുത്തുവാനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | സാമ്പത്തിക വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | മത്സ്യ ബന്ധന വല | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | സ്വാന്തന പരിചരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | മുൻബാക്കി | 162976 | മുൻബാക്കി | 0 | 162976 |
| ജില്ല പഞ്ചായത്ത് | മുൻബാക്കി | 14500 | മുൻബാക്കി | 0 | 14500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| K.W.A | കുടിവെള്ള പൈപ്പ് ലൈൻ | നേരിട്ട് ട്രാൻസ്ഫർ | 3,00,000 | 300000 |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ | ചെയ്തു | | |
| K.W.A | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | നേരിട്ട് ട്രാൻസ്ഫർ ചെയ്തു | 750000 | 750000 |
| K.S.E.B | S0108/17 വിവിധ വാർഡുകളിൽ റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | നേരിട്ട് ട്രാൻസ്ഫർ ചെയ്തു | 654789 | 654789 |
| K.S.E.B | S0127/17 വാർഡ് 5, 8, 12, 14 റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | നേരിട്ട് ട്രാൻസ്ഫർ ചെയ്തു | 265025 | 265025 |
| K.S.E.B | വാർഡ് 6,7 എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | നേരിട്ട് ട്രാൻസ്ഫർ ചെയ്തു | 128511 | 128511 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 7000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 7000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 7000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39,864,119 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35,447,904 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,37,612 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 6,75,000 | കെ.ബി.മുഹമ്മദ് റഫീക്ക്, അസിസ്റ്റന്റ് സെക്രട്ടറി,പെരിഞ്ഞനം |
| 3-19 | 35,072 | പ്രേമാനന്ദ് സി.എം, സെക്രട്ടറി,പെരിഞ്ഞനം |
| | 1,27,540 | എൻ.എം.അബ്ദുൾ ജലീൽ സെക്രട്ടറി,പെരിഞ്ഞനം |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 |

| | |
|---|---|
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 |
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 |
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി3)182/16തി.10.02.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി3)1275/16തി.29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1734/16തി.19.10.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി3)1409/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തിയ്യതി: 23.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P3)1409/2017

Kerala State Audit Department,

District Audit Office
Thrissur – 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Date: 23.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perinjanam Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Perinjanam Grama Panchcyath for the year 2016-17, except the observations stated below and in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur.